പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3045 — 15.02.2013-ലെ മറുപടിക്ക്

## മിച്ചഭൂമി നിർണ്ണയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.എസ്.ശർമ്മ | ശ്രീ.അടൂർപ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മിച്ചഭൂമി കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ പ്രത്യേക കോടതികളെ നിയോഗിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ കോടതികളിൽ കെട്ടിക്കിടക്കുന്ന മിച്ചഭൂമി കേസുകൾ വേഗം തീർപ്പാക്കാൻ ചീഫ് ജസ്റ്റിസിന് പ്രത്യേക അപേക്ഷ നൽകുമോ; | (എ) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. അപേക്ഷ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ഏറ്റെടുക്കാൻ കഴിയുമെന്ന് കരുതുന്ന മിച്ചഭൂമി എത്ര ഏക്കറാണ്; 2012 വരെ ഏറ്റെടുത്ത മിച്ചഭൂമിയിൽ വിതരണം ചെയ്തിട്ടുള്ളവ എത്ര; അവശേഷിക്കുന്നവ എത്ര; | (ബി) | മിച്ചഭൂമി കേസുകളിൽ തീർപ്പ കൽപ്പിച്ചു കഴിഞ്ഞാൽ മാത്രമേ ഏറ്റെടുക്കാൻ എത്ര മിച്ചഭൂമി ഉണ്ടെന്ന് അറിയാൻ കഴിയൂ. സംസ്ഥാനത്ത് ആകെ 11904 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. ഇതിൽ നിക്ഷിപ്ത വനഭൂമിക്കേസുകൾ, കോടതികേസുകൾ, അന്യകൈവശം എന്നിവയിൽ ഉൾപ്പെട്ടുകിടക്കുന്ന ഭൂമി എന്നിവ ഉൾപ്പെടുന്നു. 2012 വരെ ഏറ്റെടുത്ത മിച്ചഭൂമിയിൽ 73827.18 ഏക്കർ മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്. 1481.76 ഏക്കർ മിച്ചഭൂമി വിതരണത്തിനായി അവശേഷിക്കുന്നു. |
| (സി) | മിച്ചഭൂമി നിർണ്ണയത്തിൽ അപാകതകൾ വന്നിട്ടുണ്ടെങ്കിൽ അത് പുന:പരിശോധിക്കാനുള്ള കാലാവധി എത്ര വർഷമാണ്; അത് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; | (സി) | കേരള ഭൂപരിഷ്കരണ നിയമപ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അപാകത ഉണ്ടെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ഉത്തരവ് പുറപ്പെടുവിച്ച് 7 വർഷത്തിനുള്ളിൽ സെക്ഷൻ 85(9) പ്രകാരം താലൂക്ക് ലാന്റ് ബോർഡിന് അവ പുന:പരിശോധിക്കാവുന്നതാണ്.<br>ടി കാലാവധി ഇനിയും വർദ്ധിപ്പിക്കണമെങ്കിൽ കേരള ഭൂപരിഷ്കരണ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പ് ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അപാകത വന്നിട്ടുണ്ടെന്ന് കരുതപ്പെടുന്ന കേസുകളിൽ അവ പുനർവിചാരണക്കെടുത്ത്, നഷ്ടപ്പെട്ടുപോയ മിച്ചഭൂമി തിരിച്ചു പിടിക്കുന്നതിന് തയ്യാറാകുമോ? | (ഡി) | ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ